**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1166** **07-12-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ നിർവ്വഹണ പുരോഗതി വിശദമാക്കുമോ; | (എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>മഞ്ചേശ്വരം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന മീഞ്ച, പൈവളികഗെ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ കവറേജിലേക്കായി യഥാക്രമം 4385-ഉം 3223-ഉം വീടുകൾ ഉൾപ്പെടുത്തി 22.83 കോടി രൂപയുടെ ഭരണാനുമതി ജലനിധി മുഖേന നടപ്പിലാക്കാൻ നൽകിയിട്ടുണ്ട്. എന്നാൽ സ്രോതസ്സിന്റെ അപര്യാപ്തത മൂലം JJM പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഉപ്പള പുഴയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിലേക്കായുള്ള സാധ്യതാ പഠനം പൂർത്തിയാക്കി സ്രോതസ്സ് ഉറപ്പുവരുത്തുന്ന മുറയ്ക്ക് JJM പ്രവൃത്തികൾ ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയും. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ രീതി സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓട്ടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതി.<br><br>നിലവിലുള്ള പദ്ധതിയിൽ നിന്ന് കുടിവെള്ള കണക്ഷൻ നൽകുന്നത് കൂടാതെ പദ്ധതിയുടെ ശേഷിക്ക് അനുസരിച്ച് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതും പദ്ധതിയില്ലാത്ത പഞ്ചായത്തുകൾക്കായി പുതിയ പദ്ധതി വിഭാവനം ചെയ്യുന്നതും ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്തുകൾക്ക് കീഴിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി കേരള വാട്ടർ അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്.<br><br>ഇതിനായി ഗ്രാമീണ തലത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻറ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻറ് സാനിറ്റേഷൻ മിഷനുകളും അംഗീകരിച്ചതിനുശേഷം സംസ്ഥാന വാട്ടർ ആന്റ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (സി) | മീഞ്ച, വോർക്കാടി, മഞ്ചേശ്വരം, പൈവളിഗെ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതിക്ക് കരാർ എടുത്ത കരാറുകാരുടെ പേരു വിവരങ്ങൾ, ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരങ്ങൾ, ഓരോ കരാറുകാർക്കും അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ എന്നിവ ലഭ്യമാക്കുമോ; | (സി) | വോർക്കാടി, മഞ്ചേശ്വരം പഞ്ചായത്തുകളിലെ കരാർ എടുത്ത കരാറുകാരുടെ പേരു വിവരങ്ങൾ ഏറ്റെടുത്ത പ്രവൃത്തിയുടെ പേര്, കരാർ തുക എന്നിവ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>മീഞ്ച, പൈവളിഗെ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി ജലനിധിക്കാണ് നൽകിയിട്ടുള്ളത്. സ്രോതസ്സിന്റെ അഭാവം മൂലം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ കരാറുകാർക്ക് പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് അഡ്വാൻസ് തുക നൽകുന്നുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ഡി) | കരാറുകാർക്ക് പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് അഡ്വാൻസ് തുക നൽകാറില്ല. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ മോണിട്ടറിംഗ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; മോണിട്ടറിംഗ് ടീം സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (ഇ) | ജല ജീവൻ മിഷൻ പദ്ധതി നിർവഹണത്തിനായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.<br><br>ബഹു. സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ബഹു. ജല വിഭവ വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംങ്ങുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇതു കൂടാതെ പദ്ധതി നിർവഹണത്തിന്റെ വിവിധതലങ്ങളിൽ നിരന്തരം അവലോകനയോഗങ്ങൾ നടത്തി വരുന്നുണ്ട്.<br><br>കൂടാതെ പദ്ധതി നിർവഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| **പഞ്ചായത്തുകൾ** | **ഭരണാനുമതി (തുക ലക്ഷത്തിൽ)** | **ഭരണാനുമതി നൽകിയ കണക്ഷൻ** | **നിലവിൽ നൽകിയ കണക്ഷൻ** |
|---|---:|:---:|:---:|
| എൻമകജെ | 1851.00 | 5246 | 2193 |
| കുമ്പള | 7020.32 | 8326 | 1825 |
| മംഗൽപ്പാടി | 4800.68 | 8821 | 2058 |
| മഞ്ചേശ്വരം | 2601.00 | 6986 | 883 |
| പുത്തിഗെ | 5210.04 | 4752 | 0 |
| വോർക്കാടി | 2043.00 | 5433 | 1843 |
| ആകെ | **23526.04** | **39564** | **8802** |

**<u>അനുബന്ധം 2</u>**

**വോർക്കാടി, മഞ്ചേശ്വരം, എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതിക്ക് കരാർ എടുത്ത കരാറുകാരുടെ പേരു വിവരങ്ങൾ,**

| **VORKADY GRAMA PANCHAYATH** | | | |
|---|---|---|---|
| **Sl. No.** | **Name of work** | **Work order amount (In Lakh)** | **Contractor Name and address** |
| 1 | Jal Jeevan Mission-Kasaragod District-vorkady grama Panchayath | 764.56 | Hunifa Meethal, Ethirthode House,Edneer P.O,Kasaragod |
| 2 | Jal Jeevan Mission-Kasaragod District-vorkady grama Panchayath WSS to Vorkady and adjoining Villages- Phase III Laying Distribution system and Providing FHTCs | 807.37 | Hunifa Meethal, Ethirthode House, Edneer P.O,Kasaragod |
| **MANJESHWARA GRAMA PANCHAYATH.** | | | |
| 1 | Jal Jeevan Mission-Kasaragod District-Manjeshwaram grama Panchayath WSS to Manjeshwaram- Phase II-Laying Distribution and Providing FHTCs | 824.97 | Hunifa Meethal, Ethirthode House,Edneer P.O,Kasaragod |
| 2 | Jal Jeevan Mission-Kasaragod District-Manjeshwaram grama Panchayath WSS to Manjeshwaram- Phase III-Laying Distribution and Providing FHTCs | 989.13 | Risheed P M,Tee Pee residence, Thekkilferry P.O,Kasaragod, |